<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3576</u> <u>14-07-2022 - ൽ മറുപടിയ്ക്ക്</u>

<u>ഹരിപ്പാട് കെ.എസ്.ആർ.ടി.സി. ഡിപ്പോ-കം- വാണിജ്യസമുച്ചയം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് കെ.എസ്.ആർ.ടി.സി. ഡിപ്പോ-കം-വാണിജ്യ സമുച്ചയത്തിന്റെ നിർവ്വഹണ പുരോഗതി അറിയിക്കാമോ; | (എ) | ഹരിപ്പാട് കെ.എസ്.ആർ.ടി.സി. ഡിപ്പോ-കം-വാണിജ്യ സമുച്ചയം പൂർത്തീകരിക്കുന്നതിനായുള്ള ബാക്കി പ്രവൃത്തികളുടെ നിർവഹണം കെ.എസ്.ആർ.ടി.സി.യുടെ PMCയായ M/s. HLLനെ ഏൽപ്പിക്കുകയും, M/s. HLL തയ്യാറാക്കിയ 178.88 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് 02/12/2021-ൽ കെ.എസ്.ആർ.ടി.സി. ഭരണാനുമതി നൽകുകയും ചെയ്തു. തുടർന്ന് കെട്ടിടത്തിന്റെ ബാക്കി സിവിൽ, ഫയർ, ഇലക്ട്രിക്കൽ, Lift എന്നീ പ്രവൃത്തികൾ 2021 മാർച്ച് മാസത്തിൽ തന്നെ ആരംഭിച്ചു. എല്ലാ പ്രവൃത്തികളും 60% പൂർത്തീകരിച്ചു കഴിഞ്ഞു. ബാക്കി പ്രവൃത്തികൾ പുരോഗമിച്ചു വരികയാണ്. വാണിജ്യ സമുച്ചയം ഒറ്റ യൂണിറ്റായി പരിഗണിച്ചു ടെണ്ടർ നടത്തിയെങ്കിലും ആരും തന്നെ പങ്കെടുത്തില്ല. തുടർന്ന് കെ.എസ്.ആർ.ടി.സി. നേരിട്ട് വിവിധ സർക്കാർ സ്ഥാപനങ്ങൾ, ബാങ്കുകൾ, മറ്റു സ്വകാര്യ സ്ഥാപനങ്ങൾ, തുടങ്ങിയവയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രൗണ്ട് ഫ്ലോറിൽ കാനറാ ബാങ്കിന് 1900 ചതുരശ്ര അടിസ്ഥലം ചതുരശ്ര അടിയ്ക്ക് 40/- രൂപ നിരക്കിൽ വാടക ഈടാക്കി നൽകുന്നതിന് തത്വത്തിൽ ധാരണയാകുകയും ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലുമാണ്. ഇതിനു പുറമേ ഒന്നാം നിലയിൽ കെ.എസ്.എഫ്.ഇ എന്ന സർക്കാർ ധനകാര്യ സ്ഥാപനത്തിനു അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. രണ്ടാം നിലയിലെ സ്ഥലം കെ.എസ്.ആർ.ടി.സി. പുതുതായി രൂപീകരിച്ച ജില്ലാ ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനായി ഉദ്ദേശിക്കുന്നു. |
| (ബി) | വാണിജ്യ സമുച്ചയത്തിന്റെ നിലവിലത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ; ഇതിന്റെ പ്രവർത്തനം എന്ന് മുതൽ ആരംഭിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (ബി) | കെട്ടിടത്തിൽ ബാക്കി സിവിൽ ഇലക്ട്രിക്കൽ, ഫയർ, ലിഫ്റ്റ് എന്നീ പ്രവൃത്തികൾ 60% പൂർത്തീകരിച്ചു. പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിച്ച് |

| | | | |
|---|---|---|---|
| | | | വാണിജ്യ സമുച്ചയം പ്രവർത്തന സജ്ജമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ